**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതി - തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കാഞ്ഞിരംകുളം, ചെങ്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം. 1287/2017/തസ്വഭവ. തിരുവനന്തപുരം, തീയതി 22/04/2017

---

പരാമർശം:-(1) 16/01/2010 ലെ സ.ഉ.(എം.എസ്) നമ്പർ 12/2010 തസ്വഭവ

(2) 16/06/2012 ലെ സ.ഉ. (കൈ) നമ്പർ. 170/2012/തസ്വഭവ

(3) 19/01/2013 ലെ സ.ഉ.(എം.എസ്) നമ്പർ 27/2013/തസ്വഭവ

(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.03.2017 ലെ 6574/എൽ/2013/കെ.എസ്.എച്ച്.ഒ.നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം നാല് കത്തിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കാഞ്ഞിരംകുളം, ചെങ്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം ഘട്ട ആശ്രയ പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയിട്ടുള്ളതും ആകെ അടങ്കൽ തുക 2,17,79,434/- രൂപയും (രണ്ടു കോടി പതിനേഴ് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) അനുവദനീയ ചലഞ്ച് ഫണ്ട് 24,50,358/- രൂപയും (ഇരുപത്തിനാല് ലക്ഷത്തി അമ്പതിനായിരത്തി മുന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) വരുന്നതുമായ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന് ഒന്നാംഘട്ട പദ്ധതിക്കായി അനുവദിച്ച ചലഞ്ച് ഫണ്ട് തുകയിൽ ബാക്കിയുള്ള തുകയിൽ നിന്നും 11,42,673/-രൂപ രണ്ടാംഘട്ട പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**കെ.എസ്.ബിന്ദു**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അരുവിക്കര/കാഞ്ഞിരംകുളം/ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

13424[illegible]/LSGD(OS)



**Sectorwise Details of Assistance Required- 2nd Phase**

| Name of LSGI | Name of District | No. of Destitute families identified | Food | Health | Education | Pension | Drinking water | Sanitation | Land | Shelter | | Employment | Other items | Total Project Cost(In Rupees) | Grant Requested | Admissible Grant(In Rupees) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | New | Upgradn. | | | | | |
| Aruvikkara** | Thiruvananthapuram | 121 | 1645200 | 864021 | 271500 | 0 | 450000 | 0 | 1575000 | 6500000 | 525000 | 120000 | 191500 | 12142221 | 1686700 | 1150358 |
| Kanjiramkulam | Thiruvananthapuram | 84 | 976860 | 63000 | 61500 | 0 | 100000 | 0 | 1350000 | 2100000 | 325000 | 0 | 41313 | 5017673 | 1142673 | 0 |
| Chenkal | Thiruvananthapuram | 126 | 1738620 | 221400 | 116000 | 0 | 125000 | 0 | 1350000 | 0 | 1025000 | 0 | 43520 | 4619540 | 1500000 | 1500000 |
| Total | | 331 | 4360680 | 1148421 | 449000 | 0 | 675000 | 0 | 4275000 | 8600000 | 1875000 | 120000 | 276333 | 21779434 | 4329373 | 2650358 |

** ചലഞ്ച് ഫണ്ടായി അനുവദിക്കാൻ കഴിയുന്ന പരമാവധി തുക 1500000 രൂപയാണ് (ഒന്നും, രണ്ടും ഘട്ടങ്ങളിലായി), ആയതിനാൽ അരുവിക്കര ഗ്രാമപഞ്ചായത്തിന് 1150358 രൂപ ചലഞ്ച് ഫണ്ടായി അനുവദിക്കാം, ബാക്കി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ.